KSFE

ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ. 510, തൃശ്ശൂർ - 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, www.ksfe.com

റഫ.നമ്പർ:3025/Plg

തിയ്യതി : 01.04.2022

സർക്കുലർ നമ്പർ 39/2022 (BD)

വിഷയം : ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലെ പുതിയ ചിട്ടി ക്യാംപയിൻ (Low-Key Campaign) ആരംഭിക്കുന്നത് സംബന്ധിച്ച്

സൂചന : ബോർഡ് തീരുമാനം നമ്പർ 9554 തിയ്യതി 25.03.2022

** ** **

2021-22 ഭദ്രത സ്മാർട്ട് ചിട്ടികൾ വിജകരമാക്കിയതിനും, ഈ നേട്ടത്തിനായി നടത്തിയ അർപ്പണമനോഭാവത്തോടും ഭാവനാശേഷിയോടും കൂടിയുള്ള പരിശ്രമത്തിനും എല്ലാ കെ.എസ്.എഫ്.ഇ. കുടുംബാംഗങ്ങൾക്കും ഉള്ള അഭിനന്ദനം രേഖപ്പെടുത്തുന്നു. കോവിഡ് തരംഗം മൂലമുണ്ടായ വിപരീത സാഹചര്യത്തിൽ 2021-22 സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ ചിട്ടി ബിസിനസ്സിന് തിരിച്ചടി നേരിട്ടെങ്കിലും തുടർന്നുള്ള മാസങ്ങളിൽ വളരെ ചിട്ടയായ പ്രവർത്തനത്തിലൂടെ 758 കോടി രൂപയുടെ വാർഷിക ബിസിനസ്സ് ചിട്ടി ലക്ഷ്യം മറികടന്നിരിക്കുന്നു.

2022-23 സാമ്പത്തിക വർഷത്തിൽ 805 കോടി രൂപയാണ് നാം ചിട്ടി ബിസിനസ്സിനുള്ള വാർഷിക ലക്ഷ്യമായി കണക്കാക്കിയിരിക്കുന്നത്. ഓരോ ശാഖകളും ചെയ്യുന്ന ബിസിനസ്സിന്റെ അടിസ്ഥാനത്തിലാണ് വാർഷിക ലക്ഷ്യം തരം തിരിച്ചിരിക്കുന്നത്. ഈ വർഷം ആകെ 4 ശതമാനത്തിൽ താഴെ മാത്രമാണ് ചിട്ടി ബിസിനസ്സിൽ വർദ്ധനവ് വരുത്തിയിരിക്കുന്നത്. ഓരോ ശാഖകളും അതാത് മാസവും ആർജ്ജിക്കേണ്ട ബിസിനസ്സ് ലക്ഷ്യം പൂർത്തീകരിച്ച് മുന്നോട്ടു പോകാൻ ശ്രദ്ധിക്കേണ്ടതും അതിനായിട്ടുള്ള നടപടികൾ മേഖലാ ഓഫീസുകളും ശാഖകളും കൈക്കൊള്ളേണ്ടതുമാണ്.

താഴെ പറയുന്ന പ്രകാരമാണ് വാർഷിക ചിട്ടി ബിസിനസ്സ് ലക്ഷ്യവും, ഈ ക്യാംപയിൻ കാലയളവിൽ കൈവരിക്കേണ്ട ലക്ഷ്യവും നിശ്ചയിച്ചിരിക്കുന്നത്.

Sl. No.	Name of Region	No. of Branches	New Branches to be opened	New Micro branches to be opened (Nos.)	Total No of Branches+ Micro Branch	Budget 22-23 (Rs. in lakhs)	**Low key campaign target (Rs. in lakhs)**
1.	Thiruvananthapuram (Urban)	49	0	2	51	8016	**1997**
2.	Thiruvananthapuram (Rural)	37	4	2	43	4341	**1078**
3.	Kollam (Urban)	38	4	2	44	6007	**1492**
4.	Kollam (Rural)	32	4	2	38	3955	**982**
5.	Pathanamthitta	42	2	2	46	4079	**1013**

Confidential

6.	Alappuzha	49	0	2	51	6585	**1635**
7.	Kottayam	53	0	2	55	6429	**1597**
8.	Kattappana	33	2	2	37	2837	**705**
9.	Ernakulam (Urban)	38	3	2	43	5705	**1417**
10.	Ernakulam (Rural)	33	4	2	39	4223	**1049**
11.	Thrissur	53	2	2	57	7097	**1763**
12.	Palakkad	31	5	2	38	4192	**1041**
13.	Malappuram	37	7	2	46	4097	**1018**
14.	Kozhikode (Urban)	32	4	2	38	4594	**1141**
15.	Kozhikode (Rural)	28	6	2	36	3165	**786**
16.	Kannur	46	3	2	51	5178	**1286**
	Total	**631**	**50**	**32**	**713**	**80500**	**20000**

നിലവിലുള്ള ശാഖകളിലൂടെ 787 കോടി രൂപയും ബാക്കി ബിസിനസ്സ് ഈ വർഷം തുടങ്ങാനുദ്ദേശിക്കുന്ന പുതിയ ശാഖകളിലൂടെ സമാഹരിക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. മേൽ പറഞ്ഞ വാർഷിക ലക്ഷ്യം സമയബന്ധിതമായി പൂർത്തീകരിക്കണമെങ്കിൽ ചിട്ടി ക്യാംപയിൻ ആവശ്യമാണ്. അതിനാലാണ് ഏപ്രിൽ, മെയ്, ജൂൺ എന്നീ മാസങ്ങളിൽ ഒരു Low Key ക്യാംപയിൻ കൊണ്ടു വരാൻ തീരുമാനിച്ചിരിക്കുന്നു. ഈ പദ്ധതിയുടെ വിശദാംശങ്ങളും പ്രത്യേകതകളും മറ്റ് സമ്മാനങ്ങളും ചുവടെ നിർദ്ദേശിക്കുന്നു.

കാലാവധി	-	01.04.2022 മുതൽ 30.06.2022 വരെ
ലക്ഷ്യം	-	200 കോടി രൂപ
ബംപർ സമ്മാനം	-	25 പവൻ സ്വർണ്ണം അല്ലെങ്കിൽ10 ലക്ഷം രൂപ ഏതാണോ കുറവ് അത്. (ഒരാൾക്ക്) ആകെ10,00,000/- രൂപ
മേഖലാതല സമ്മാനങ്ങൾ	-	32 പേർക്ക് 5 പവൻ സ്വർണ്ണം വീതം അല്ലെങ്കിൽ 2 ലക്ഷം രൂപ വീതം 32 പേർക്ക് ഏതാണോ കുറവ് അത്.
ആകെ	-	6400000/-രൂപ

Low Key Campaign ചിട്ടികളുടെ പ്രത്യേകതകൾ:-

1. ഈ കാലയളവിൽ തുടങ്ങേണ്ട ചിട്ടികളിൽ 5%തവണകൾ അടച്ചു കഴിഞ്ഞാൽ നിബന്ധനകൾക്ക് വിധേയമായി സലയുടെ 50%ചിട്ടി വായ്പ അനുവദിക്കാവുന്നതാണ്.

2. Low Key Campaignനുമായി ബന്ധപ്പെട്ട നറുക്കെടുപ്പിൽ മുടക്കമില്ലാത്ത ചിറ്റാളരെ മാത്രമേ ഉൾപ്പെടുത്തുകയുള്ളൂ.

3. 5% തവണകൾക്കുള്ളിൽ സബ്സ്റ്റിറ്റ്യൂഷനിലൂടെ ചിട്ടി ചേർന്നിട്ടുള്ളവരെ ഈ ക്യാംപയിനിന്റെ നറുക്കെടുപ്പിൽ ഉൾപ്പെടുത്തുന്നതായിരിക്കും.

Confidential

ഈ സാമ്പത്തിക വർഷത്തിലെ ആദ്യ പാദത്തിൽ പരസ്യത്തിനു വേണ്ടി ചെലവഴിക്കാവുന്ന പരമാവധി തുക

നല്ല രീതിയിലുള്ള പരസ്യ പ്രചരണം ഈ ക്യാംപയിന്റെ വിജയത്തിന് അനിവാര്യമാണ്. ശാഖകളിൽ നോട്ടീസുകൾ, ബാനറുകൾ എന്നിവ അടിച്ച് വേണ്ട രീതിയിൽ പബ്ലിസിറ്റി നൽകേണ്ടതാണ്. ആയതിനാൽ ശാഖകൾക്കും, മേഖലാ ഓഫീസുകൾക്കും low Key Campaign ചിട്ടികളുടെ പരസ്യത്തിനായി പരമാവധി ചെലവഴിക്കാവുന്ന തുക താഴെകൊടുക്കുന്നു

ഈ സാമ്പത്തിക വർഷത്തെ ചിട്ടി ബിസിനസ്സ് ലക്ഷ്യം (സല)	2 കോടി രൂപയോ അതിന് മുകളിലോ	1 കോടി രൂപ മുതൽ 2കോടി രൂപയ്ക്കു താഴെ	1 കോടി താഴെ	പുതിയ ശാഖകൾക്കും മൈക്രോ ബ്രാഞ്ചിനും
പരസ്യത്തിനു വേണ്ടി ചെലവഴിക്കാവുന്ന പരമാവധി തുക	20000/-രൂപ	15000/-രൂപ	12000/- രൂപ	10000/-

മേഖലാ ഓഫീസുകൾക്ക് ചെലവഴിക്കാവുന്ന പരമാവധി തുക = 75,000/- രൂപ

കോവിഡ് തരംഗം ഒഴിഞ്ഞ് കമ്പോളം ഊർജ്ജസ്വലമായി നിലകൊള്ളുന്ന സാഹചര്യത്തിൽ ഈ സാമ്പത്തികവർഷാരംഭത്തിൽ തന്നെ ചിട്ടി ബിസിനസ്സ് അഭിവൃദ്ധിപ്പെടുത്തുന്നതിന് Low Key Campaign കൊണ്ട് സാധിക്കുന്നതാണ്. ഈ ക്യാംപയിൻ കാലയളവിൽ ബംബർ സമ്മാനമായി 25 പവൻ അഥവാ 10 ലക്ഷം രൂപയും, കൂടാതെ 16 മേഖലകളിലായി 32 പേർക്ക് 5 പവൻ വീതവും സ്വർണ്ണം സമ്മാനമായി നൽകുന്നത് മൂലം ചിട്ടിയുടെ ആകർഷണീയത കൂട്ടുന്നതാണ് . ആയതിനാൽ ശാഖകളിൽ ഉചിതമായ രീതിയിൽ പ്രചാരണം നൽകി ഈ Low Key Campaign വൻ വിജയകരമാക്കേണ്ടതാണ് .

കെ.എസ്.എഫ്.ഇ. യ്ക്കുവേണ്ടി

സുബ്രഹ്മണ്യൻ വി.പി.
മാനേജിംഗ് ഡയറക്ടർ

To:എല്ലാ ശാഖാ തലവൻമാർക്കും
പകർപ്പ്:

i. എല്ലാ മേഖല ഓഫീസുകൾക്കും :
ii. ഹെഡ് ഓഫീസിലെ എല്ലാ വകുപ്പ് മേധാവികൾക്കും
iii. എല്ലാ ഐ.എ.ഡി ടീമുകൾക്കും/ പ്രിവന്റീവ് വിജിലൻസ് സ്ക്വാഡ്കൾക്കും
iv. എല്ലാ എസ്.ഡി.റ്റി ഓഫീസുകൾക്കും
v. എം.ഡി. യുടെ പി.എ.
vi. സർക്കുലർഫയൽ

Confidential